"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.കെ.ജി.ഗോപി, ഐശ്വര്യ, സി.എം.സി-9, ചേർത്തല.പി.ഒ, ആലപ്പുഴ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.518/2026/ID തീയതി,തിരുവനന്തപുരം, 05-05-2026

---

പരാമർശം:-

1. ആലപ്പുഴ ജില്ല ജിയോളജിസ്റ്റിന്റെ 10.06.2014 തീയതിയിലെ ഡി.ഒ.എ/1538/എംഎം/2012 നമ്പർ ഡിമാന്റ് നോട്ടീസ്.
2. 14.07.2015 തീയതിയിലെ സ.ഉ.(സാധാ) നം.668/15/വ്യവ ഉത്തരവ്.
3. ശ്രീ.കെ.ജി.ഗോപി, ഐശ്വര്യ, സി.എം.സി-9, ചേർത്തല.പി.ഒ, ആലപ്പുഴ സമർപ്പിച്ച അപ്പീൽ ഹർജി
4. ബഹു.ഹൈക്കോടതിയുടെ WP(C)No.29035/2015 നമ്പർ റിട്ട് ഹർജിയിലെ ബഹു.ഹൈക്കോടതിയുടെ 25.09.2024 തീയതിയിലെ വിധിന്യായം.
5. ആലപ്പുഴ ജില്ല ജിയോളജിസ്റ്റിന്റെ 20.09.2025 തീയതിയിലെ DOALA-DMG/480/2025 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ കൊക്കോതമംഗലം വില്ലേജിലെ സർവ്വേ നം207/11, 208/1 എന്നിവയിൽപ്പെട്ട സ്ഥലത്തു നിന്നും 4 4 മെ.ടൺ സിലിക്കാ സാൻഡ് അനധികൃതമായി ഖനനം ചെയ്തതിന് ടി ധാതുവിന്റെ റോയൽറ്റി, വില, പിഴ ഇനത്തിൽ ആകെ 1,13,572/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് ആലപ്പുഴ ജിയോളജിസ്റ്റ് 10.06.2014 ൽ നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ.കെ.ജി.ഗോപി, ചേർത്തല, ആലപ്പുഴ 15.07.2014 തീയതിയിൽ സർക്കാരിൽ സമർപ്പിച്ച അപ്പീൽ ഹർജി പരാമർശം (2) പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു.

2. മേൽ ഉത്തരവിനെതിരെ ഹർജിക്കാരൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 29035/2015 നമ്പർ റിട്ട് ഹർജിയിൽ ബഹു.ഹൈക്കോടതി 25.09.2024 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ പ്രസ്തുത സർക്കാർ ഉത്തരവ് റദ്ദ് ചെയ്തും, ശ്രീ.ഗോപി 15.07.2014 ൽ സർക്കാരിൽ സമർപ്പിച്ച അപ്പീൽ ഹർജി ടിയാനെ നേരിൽ കേട്ട് 3 മാസത്തിനുള്ളിൽ പുനഃപരിശോധിക്കുന്നതിന് രണ്ടാം എതിർകക്ഷിയായ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ആയതിൻപ്രകാരം ടി ഹർജിയുമായി ബന്ധപ്പെട്ട് അന്തിമ അപ്പീൽ അധികാരിയായ വ്യവസായ

വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി **24/09/2025 ന്** നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും, ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറും, അഡീഷണൽ ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

3. അപ്പീൽ ഹർജിയിൽ ഹർജിക്കാരൻ ഉന്നയിച്ചിട്ടുള്ള വസ്തുതകൾ ചുവടെ ചേർക്കുന്നു

കിഴക്ക്ഭാഗത്തുള്ള പൊതു റോഡിന്റെ അതിർത്തിയിൽ നിന്ന് ഏകദേശം 5 മീറ്റർ പടിഞ്ഞാറായിട്ടാണ് അപേക്ഷകന്റെ വീട് സ്ഥിതി ചെയ്യുന്നത്. അതിൽ 4 മീറ്റർ വീടിന്റെ മുറ്റമായും 1 മീറ്റർ പൂന്തോട്ടമായും ഉപയോഗിക്കുന്നു. ജിയോളജിസ്റ്റിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കോമ്പൗണ്ട് മതിൽ 2014 ജനുവരി മാസത്തിൽ നിർമ്മിച്ചതാണ്. അതിനുമുമ്പ്, അപ്പലന്റിന്റെ വീട് വരെയുള്ള ഭൂമി റോഡ് നിരപ്പിൽ നിന്ന് ഒരു മീറ്റർ താഴെയായി ചരിഞ്ഞതായിരുന്നു. കോമ്പൗണ്ട് ഭിത്തി പണിയുന്നതിനും മുറ്റത്ത് ടൈലുകൾ പാകുന്നതിനും വേണ്ടി, മണ്ണ് നിരപ്പാക്കുകയും കിഴക്ക് ഭാഗത്തുള്ള അധിക മണൽ/മണ്ണ് മുറ്റത്തിന്റെ പടിഞ്ഞാറ് ഭാഗത്തേക്ക് നിരപ്പാക്കുകയും ചെയ്തു. ജിയോളജിസ്റ്റ് ആരോപിക്കുന്നത് പോലെ മണൽ എടുക്കുകയോ നീക്കം ചെയ്യുകയോ ചെയ്തിട്ടില്ല. കോമ്പൗണ്ട് മതിൽ പണിയുന്നതിനും മുറ്റത്ത് ടൈലുകൾ പാകുന്നതിനും വേണ്ടി ഉപരിതലം നിരപ്പാക്കുക എന്നതായിരുന്നു ചെയ്തത്. ഇത് ഗാർഹിക ആവശ്യങ്ങൾക്കുള്ള ഒരു യഥാർത്ഥ പ്രവൃത്തി മാത്രമായിരുന്നു. മൈനർ മിനറൽ നിയമങ്ങളിലെ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം ഇത് ഒരു കുറ്റമല്ല. പരാതിക്കാസ്പദമായ സ്ഥലത്തു നിന്നും മറ്റൊരിടത്തേയ്ക്കും താൻ മണൽ കൊണ്ടുപോയിട്ടില്ല എന്നും അറിയിച്ചു. കൂടാതെ, ഹിയറിംഗ് വേളയിലും താൻ അനധികൃതമായി മണ്ണ് നീക്കം ചെയ്തിട്ടില്ലായെന്നും, മുറ്റം നിരപ്പാക്കുന്നതിനായി മണ്ണ് മാറ്റിയിടുക മാത്രമാണ് ചെയ്തതെന്നും, സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന തനിക്ക് ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക ഒടുക്കുന്നതിന് സാധിക്കില്ലായെന്നും, ആയതിനാൽ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി.

4. അപ്പീൽ സംബന്ധിച്ച് ആലപ്പുഴ ജില്ല ജിയോളജിസ്റ്റ് പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

സിലിക്ക മണലിന്റെ അനധികൃത ഖനനവും കടത്തും തടയുന്നതിലേക്ക് രൂപീകരിച്ച സ്പെഷ്യൽ സ്ക്വാഡ് 25/1/2014 തീയതിയിൽ ചേർത്തല താലൂക്കിൽ കൊക്കോതമംഗലം വില്ലേജിൽ ശ്രീ കെ. ജി. ഗോപി, ഐശ്വര്യ ( അപ്പലന്റ്/പെറ്റീഷണർ) എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്ത് നടത്തിയ പരിശോധനയിൽ ഉദ്ദേശം 12 മീറ്റർ നീളം x 02 മീറ്റർ വീതി x 01 മീറ്റർ താഴ്ച എന്നിങ്ങനെ അളവിൽ അനധികൃതമായി സിലിക്ക മണൽ നീക്കം ചെയ്തതായി കണ്ടെത്തുകയും ആയത് തുടർ നടപടികൾക്കായി ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന് കൈമാറുകയും ചെയ്തു. ഇതേ തുടർന്ന് 30/1/2014 തീയതിയിൽ നം. DOA/1538/MM/2012 പ്രകാരം സ്ഥലമുടമയായ പെറ്റീഷണർക്ക് വിശദീകരണം ആവശ്യപ്പെട്ട നോട്ടീസ് നല്കി. പ്രസ്തുത നോട്ടീസിന് ടിയാൻ 12/2/2014 തീയതിയിൽ നല്കിയ മറുപടി- തന്റെ പുരയിടത്തിലെ മണൽ മതിൽ കെട്ടുന്നതിന് ഉപയോഗിച്ചെന്നും ശേഷിക്കുന്ന ഭാഗം ടി ഭൂമിയിലെ വെള്ളക്കെട്ടുള്ള ഭാഗം നികത്തുവാൻ ഉപയോഗിച്ചെന്നുമാണ്. എന്നാൽ ടി സ്ഥലത്ത് നിന്നും അനധികൃതമായി സിലിക്ക മണൽ ഖനനം ചെയ്ത് നീക്കം ചെയ്തു എന്നു സ്പെഷ്യൽ സ്ക്വാഡ് അളവുകൾ സഹിതം റിപ്പോർട്ട് ചെയ്തിരുന്ന സാഹചര്യത്തിൽ 12/2/2014 -ലെ സ്ഥലമുടമയുടെ മറുപടി അംഗീകരിക്കുവാൻ സാധിക്കുമായിരുന്നില്ല. തുടർ ന്ന് 10/6/2014 തീയതിയിൽ ടിയാന്

ഡിമാൻഡ് നോട്ടീസ് നല്കി.

ഡിമാൻഡ് നോട്ടീസിൽ കുടിശിക കണക്കാക്കിയ വിധം

1) അനധികൃതമായി നീക്കിയ ധാതുവിന്റെ അളവ്- 44 മെട്രിക് ടൺ

2) റോയൽറ്റി, വില & കോമ്പൌണ്ടിങ് ഫീ - 1,13,572/- രൂപ

1 5 ദിവസങ്ങൾക്കകം ഡിമാൻഡ് തുക ഒടുക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുമെന്ന് ഡിമാൻഡ് നോട്ടീസിലൂടെ സ്ഥലമുടമയെ അറിയിച്ചിരുന്നു. പ്രസ്തുത ഡിമാൻഡ് നോട്ടീസിനെതിരെ സ്ഥലമുടമ സമർപ്പിച്ച ഒന്നാം അപ്പീൽ ഹർജി നിരസിച്ചുകൊണ്ട് 20/1/2015 തീയതിയിൽ സർക്കാർ ഉത്തരവായിരുന്നു. അനധികൃത ഖനനം കണ്ടെത്തിയതും, കാരണം കാണിക്കൽ നോട്ടീസ്, ഡിമാൻഡ് നോട്ടീസ് എന്നിവ നല്കിയതും സിലിക്ക മണൽ ഒരു മേജർ മിനറൽ (വൻകിട ധാതു) ആയിരിക്കെ ആണ്. 10/2/2015 തീയതിയിലാണ് സിലിക്ക മണലിനെ ചെറുകിട ധാതു എന്ന ഗണത്തിൽപ്പെടുത്തി കേന്ദ്ര ഖനി മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചത്. അതായത് വൻകിട ധാതുവിന്റെ അനധികൃത ഖനനത്തിന് നല്കിയ ഡിമാൻഡ് നോട്ടീസിൽ സ്ഥലമുടമയ്ക്ക് ആക്ഷേപം ഉണ്ടെങ്കിൽ ആയത് 1960 -ലെ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ഗവണ്മെന്റ് ഓഫ് ഇൻഡ്യയിൽ റിവിഷൻ പെറ്റീഷൻ സമർപ്പിക്കേണ്ടിയിരുന്നു. ആയതിനാൽ മേൽ കാരണങ്ങളുടെ പശ്ചാത്തലത്തിൽ 1967 -ലെ കെ. എം. എം. സി ചട്ടങ്ങൾ പ്രകാരം നല്കിയ ഒന്നാം അപ്പീൽ ഹർജി 20/1/2015 തീയതിയിൽ സർക്കാർ നിരസിക്കുകയുണ്ടായി.

എന്നാൽ സിലിക്ക മണലിനെ ചെറുകിട ധാതുവാക്കിയ 10/02/2015 തീയതിയിലെ കേന്ദ്ര ഖനി മന്ത്രാലയം വിജ്ഞാപനം നിലവിൽ വന്നതിനെ തുടർന്ന് സ്ഥലമുടമ വീണ്ടും ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WPC 13891/ 2015 -കേസിലെ 8/5/2015 തീയതിയിലെ വിധിന്യായ പ്രകാരം, ഈ വിഷയം 10/02/2015 തീയതിയിലെ വിജ്ഞാപനത്തിന്റെ പശ്ചാത്തലത്തിൽ പരിഗണിക്കുവാൻ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. 1957 ലെ മൈൻസ് & മിനറൽസ് (ഡി & ആർ) ആക്ടിലെ സെക്ഷൻ-4 (1), 4 (1) എ എന്നിവയ്ക്ക് വിരുദ്ധമായി അനുമതി ഇല്ലാതെ ധാതു ഖനനം ചെയ്തു കടത്തിയത് സെക്ഷൻ 21 പ്രകാരമുള്ള നടപടിക്ക് വിധേയമാണ് എന്ന കാരണത്താലും സിലിക്ക മണൽ ഒരു മേജർ മിനറൽ (വൻകിട ധാതു) ആയിരിക്കെയാണ് അനധികൃത ഖനനം കണ്ടെത്തിയതും, കാരണം കാണിക്കൽ നോട്ടീസ്, ഡിമാൻഡ് നോട്ടീസ് എന്നിവ നല്കിയതും എന്നതിനാലും ഒരു വൻകിട ധാതു ആയ സിലിക്ക മണൽ അനധികൃതമായി ഖനനം ചെയ്തതിനു ജിയോളജിസ്റ്റ് നല്കിയ ഡിമാൻഡ് നോട്ടീസിന് എതിരെ സ്ഥലമുടമ 1960 -ലെ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ഗവണ്മെന്റ് ഓഫ് ഇൻഡ്യയിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ റിവിഷൻ പെറ്റീഷൻ സമർപ്പിക്കാത്തതിനാലും ടി ചട്ടങ്ങൾ പ്രകാരം സംസ്ഥാന സർക്കാരിനു അപ്പീൽ അധികാരം ഇല്ലാത്തതിനാലുമാണ് 14/7/2015 തീയതിയിലെ ഉത്തരവിലൂടെ വീണ്ടും അപ്പീൽ ഹർജി നിരസിച്ചു സർക്കാർ ഉത്തരവായത്.

ഇതേ തുടർന്ന് സ്ഥലമുടമ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WPC 29035/2015 -കേസിലെ 25/9/2024 തീയതിയിലെ വിധിന്യായത്തിൽ 14/7/2015 ലെ അപ്പീൽ ഉത്തരവ് റദ്ദ് ചെയ്യുകയും പെറ്റീഷണറിനെ നേരിൽ കേൾക്കുവാൻ അവസരം നൽകികൊണ്ടു അപ്പീൽ പെറ്റീഷൻ യോഗ്യതയുടെ അടിസ്ഥാനത്തിൽ തീർപ്പ് കൽപ്പിക്കുവാനും നിർദ്ദേശിച്ചിരിക്കുന്നു.
ഈ കേസ് പെൻഡിങ് ആയിരിക്കെ, കേസിൽ സ്റ്റേ ഉത്തരവ് ഇല്ലാത്തതിനാൽ കുടിശിക തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് 26/7/2024 തീയതിയിൽ ജിയോളജിസ്റ്റ് ഉത്തരവായിരുന്നു. തുടർന്ന് 29/7/2024 തീയതിയിൽ റവന്യൂ റിക്കവറി റിക്വസിഷൻ ഫാറം- 2 4 ഓൺലൈൻ ആയി ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. പിന്നീട് WPC 29035/2015 -കേസിലെ 25/9/2024 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ

റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് 2/11/2024 തീയതിയിൽ ജില്ലാ കളകർക്ക് കത്ത് നൽകിയിട്ടുണ്ട്.

അന്വേഷണത്തിലും പരിശോധനയിലും ഹർജിക്കാരന്റെ കൈവശത്തിൽ ഉള്ള സ്ഥലത്ത് നിന്നും അനധികൃതമായി സിലിക്ക മണൽ ഖനനം ചെയ്ത് കടത്തിയതായി ബോധ്യപ്പെട്ടതായി സ്പെഷ്യൽ സ്ക്വാഡ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, ആയത് കണ്ടെത്തിയ 25/1/2014 തീയതിയിലെ നിയമങ്ങൾക്ക് വിധേയമായി റോയൽറ്റി, വില, കോമ്പൌണ്ടിങ് ഫീസ് എന്നിവ പലിശ സഹിതം സ്ഥലമുടമയിൽ നിന്നും ഈടാക്കുന്നതിലേക്കും 10/6/2014 ലെ ഡിമാൻഡ് നോട്ടീസ്, 26/7/2024 ലെ റവന്യൂ റിക്കവറി നടപടികൾ എന്നിവ ശരി വച്ചുകൊണ്ടും അനുകൂല ഉത്തരവ് ഉണ്ടാകണമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. അപ്പീൽ അധികാരി ഇക്കാര്യം വിശദമായി പരിശോധിച്ചു. ചേർത്തല താലൂക്കിൽ സിലിക്കാമണലിന്റെ അനധികൃത ഖനനവും കടത്തും തടയുന്നതിനായി രൂപീകരിച്ച സ്പെഷ്യൽ സ്ക്വാഡ് 25/01/2014 തീയതിയിൽ നടത്തിയ സ്ഥല പരിശോധനയിൽ ചേർത്തല താലൂക്കിൽ കൊക്കോതമംഗലം വില്ലേജിൽ ശ്രീ. കെ. ജി. ഗോപി, ഐശ്വര്യ ( അപ്പലന്റ്/പെറ്റീഷണർ) എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്ത് നടത്തിയ പരിശോധനയിൽ ഉദ്ദേശം 12 മീറ്റർ നീളം x 02 മീറ്റർ വീതി x 01 മീറ്റർ താഴ്ച എന്നിങ്ങനെ അളവിൽ അനധികൃതമായി സിലിക്ക മണൽ നീക്കം ചെയ്തതായി കണ്ടെത്തുകയും ആയതിന് മഹസ്സർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും അപ്പീൽ കക്ഷി സിലിക്കാമണൽ അനധികൃത ഖനനം നടത്തിയിട്ടില്ല എന്ന വാദത്തിൽ കഴമ്പില്ല. കൂടാതെ ടിയാൻ ഖനനം നടത്തിയ സമയത്ത് സിലിക്കാമണൽ മേജർ മിനറൽ ആയിരുന്നതിനാൽ ആ കാലയളവിൽ നിലനിന്നിരുന്ന കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ടായിരുന്ന റോയൽറ്റി നിരക്കിന്റെ അടിസ്ഥാനത്തിലാണ് റോയൽറ്റിയും വിലയും (റോയൽറ്റിയുടെ രണ്ട് ഇരട്ടി) പിഴയും ചേർത്താണ് പെനാൽറ്റി നിർണ്ണയിച്ചിരുന്നത്. 10.06.2014 തീയതിയിലാണ് ഡിമാന്റ് നോട്ടീസ് നൽകിയത്. 10/02/15 ലെ നോട്ടിഫിക്കേഷൻ പ്രകാരമാണ് കേന്ദ്ര സർക്കാർ ഇതിനെ മൈനർ മിനറൽ ആക്കി പ്രഖ്യാപിക്കുകയും തുടർന്ന് 2017-ലാണ് സംസ്ഥാന സർക്കാർ ഈ ധാതുവിന്റെ റോയൽറ്റി നിരക്ക് 250/MT ആയി നിർണ്ണയിക്കുകയും ചെയ്തത്. ഖനനം നടത്തിയ കാലഘട്ടത്തിലെ നിയമം പ്രകാരം മാത്രമേ പെനാൽറ്റി നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ ഡിമാന്റ് നോട്ടീസിൽ റോയൽറ്റി, വില. കോംപൗണ്ടിംഗ് ഫീസ് എന്നിവ പ്രത്യേകമായി രേഖപ്പെടുത്തിയതായി കാണുന്നില്ല. സമാനമായ വിഷയം സംബന്ധിച്ച് 10/06/2014 തീയതിയിൽ നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ സമർപ്പിച്ച മറ്റൊരു അപ്പീൽ ഹർജിയിൽ ഡിമാന്റ് നോട്ടീസ് നൽകിയ കാലയളവിലെ സിലിക്കാ മണലിന്റെ റോയൽറ്റി 149/- രൂപയും, വില 1864/- രൂപയും ആണെന്ന് ആലപ്പുഴ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. അതേ തീയതിയിൽ തന്നെയാണ് ഈ കേസിലും ഡിമാന്റ് നോട്ടീസ് നൽകിയിരിക്കുന്നത്. അപ്രകാരം കണക്കാക്കിയാൽ ഈ കേസിൽ കോംപൗണ്ടിംഗ് ഫീസ് 25,000/- രൂപയാണ് എന്ന് കാണുന്നു.മേൽ വസ്തുതകളും, ഹർജിക്കാരന്റെ വാദവും, ഇത്രയും വർഷം കഴിഞ്ഞ സാഹചര്യത്തിൽ പുനഃപരിശോധനയ്ക്ക് സാദ്ധ്യതയില്ല എന്നതും കണക്കിലെടുത്ത് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് 10/6/2014 ൽ നല്കിയ ഡിമാന്റ് നോട്ടീസിൽ കോമ്പൗണ്ടിംഗ് ഫീ ആയി ചേർത്തിരുന്ന 25,000 രൂപ ഒഴിവാക്കി പ്രസ്തുത ഡിമാൻറ് നോട്ടീസ് പ്രകാരമുള്ള റോയൽറ്റിയും വിലയും മാത്രം ചേർത്ത് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകി അത് പ്രകാരം തുക ഈടാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ആലപ്പുഴ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കികൊണ്ട് ശ്രീ.കെ.ജി.ഗോപി, ഐശ്വര്യ, സി.എം.സി-9, ചേർത്തല.പി.ഒ, ആലപ്പുഴ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കിയും അപ്രകാരം പരാമർശം നാല് പ്രകാരമുള്ള ബഹു.ഹൈക്കോടതി ഉത്തരവ്

നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ.കെ.ജി.ഗോപി, ഐശ്വര്യ, സി.എം.സി-9, ചേർത്തല.പി.ഒ, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ (With C/L)
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.
ജില്ലാ ജിയോളജിസ്റ്റ്, ആലപ്പുഴ.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
Date: 08-05-2026 09:53:19
സെക്ഷൻ ഓഫീസർ